2025 MARCH
01
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഇന്ത്യ–യൂറോപ്യൻ യൂണിയൻ
# ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തും

**ന്യൂഡൽഹി:** ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനം. ഇന്ത്യൻ പ്രധാനമന്ത്രി നേരന്ദ്രമോഡിയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും തമ്മിൽ നടന്ന ചർച്ചയിലാണ് തീരുമാനം.

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുകയും തന്ത്രപരമായ ഏകീകരണം വർധിക്കുകയും ചെയ്യുന്നത് ആഗോള ഭൗമ രാഷ്ട്രീയ ഭൂപ്രകൃതിയുടെ മാറിക്കൊണ്ടിരിക്കുന്ന ചലനാത്മകതയ്ക്കും ആഗോള സ്ഥിരത, സാമ്പത്തിക സുരക്ഷ, സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലുള്ള ഇരു രാജ്യങ്ങളുടെയും പൊതുതാൽപ്പര്യമാണ് വ്യക്തമാക്കപ്പെടുന്നതെന്ന് ഇരുവരും വിലയിരുത്തി. തന്ത്രപരമായ സാങ്കേതികവിദ്യകൾ, ഡിജിറ്റൽ ഗവേണൻസ്, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവയ്ക്കായുള്ള ഡിജിറ്റൽ സഹകരണം കൂടുതൽ ആഴത്തിലാക്കേണ്ടതിന്റെ പ്രധാന്യം സംബന്ധിച്ചും ഇരുവരും ചൂണ്ടാക്കാട്ടി. മനുഷ്യ കേന്ദ്രീകൃത ഡിജിറ്റൽ പരിവർത്തനവും സമ്പദ്‌വ്യവസ്ഥകൾക്കും സമൂഹത്തിനും ഗുണം ചെയ്യുന്ന എ ഐ, സെമികണ്ടക്ടറുകൾ, ഹൈപെർഫോമൻസ് കമ്പ്യൂട്ടിംഗ്, 6ജി തുടങ്ങിയ നൂതനവും വിശ്വസനീയവുമായ ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ വികസനവും ത്വരിതപ്പെടുത്തുന്നതിന് ഇരുപക്ഷവും തങ്ങളുടെ ശേഷി പ്രയോജനപ്പെടുത്തണം.. ഇതിനായി, സാമ്പത്തിക സുരക്ഷ വർദ്ധിപ്പിക്കുമ്പോൾതന്നെ മത്സരക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ഗവേഷണവും നവീകരണവും ശക്തിപ്പെടുത്താൻ ഇരുകൂട്ടരും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യവും വിലയിരുത്തി. സൈബർസുരക്ഷിത ഡിജിറ്റൽ ആവാസവ്യവസ്ഥയിൽ ആഗോള കണക്റ്റിവിറ്റി പ്രോത്സാഹിപ്പിക്കുന്നതിനും ഇരുപക്ഷവും പ്രതിജ്ഞാബദ്ധമാണെന്നും വിലയിരുത്തി.

തുറന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഡിജിറ്റൽ സാമ്പത്തിക സാമൂഹിക വികസനത്തിന് ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (ഡിപി ഐ) പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട്, മനുഷ്യാവകാശങ്ങൾ മാനിക്കുകയും വ്യക്തിഗത വിവരങ്ങൾ, സ്വകാര്യത, ബൗദ്ധിക സ്വത്തവകാശങ്ങൾ എന്നിവ സംരക്ഷിക്കുകയും ചെയ്യുന്ന അതത് ഡിപി ഐകളുടെ പരസ്പര പ്രവർത്തനക്ഷമതയ്ക്കായി സഹകരിക്കാൻ ഇന്ത്യയും യൂറോപ്യൻ യൂണിയനും സമ്മതമറിയിച്ചു . മറ്റു രാജ്യങ്ങൾക്ക് ഡിപിഐ പരിഹാരങ്ങൾ സംയുക്തമായി പ്രോത്സാഹിപ്പിക്കുന്നതിന് ഇരുപക്ഷവും കൂടുതൽ പ്രതിജ്ഞാബദ്ധരാവുകയും അതിർത്തി കടന്നുള്ള ഡിജിറ്റൽ ഇടപാടുകൾ വർദ്ധിപ്പിക്കുന്നതിനും പരസ്പര സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും പരസ്പര അംഗീകാരത്തിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി.സെമികണ്ടക്ടർ വിതരണ ശൃംഖലകളുടെ ശേഷി കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രതിബദ്ധതയും ഇരുവരും എടുത്തുകാട്ടി. ഇതിനായി, ചിപ്പ് ഡിസൈൻ, വ്യത്യസ്ത സാങ്കേതികവിദ്യകളുടെ സംയോജനം, സുസ്ഥിര സെമികണ്ടക്ടർ സാങ്കേതികവിദ്യകൾ, പ്രോസസ് ഡിസൈൻ കിറ്റ് (പിഡികെ) എന്നിവയ്ക്ക് ഉയർന്ന നിലവാരത്തിലുള്ള സാങ്കേതിക വികസനം തുടങ്ങി വിവിധ മേഖലകളിൽ സംയുക്ത ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യതകൾ തേടാൻ ഇരവരും സമ്മതിച്ചു.

## ഇറക്കുമതി തീരുവ കുറയ്ക്കാൻ ഇന്ത്യക്കു മേൽ സമ്മർദം

**ന്യൂദൽഹി:** ആഗോള വ്യാപാര യുദ്ധം ശക്തമാകുന്നതിനിടെ ഇറക്കുമതി തീരുവ കുറയ്ക്കാൻ ഇന്ത്യയ്ക്കു മേൽ സമ്മർദമേറുന്നു. യുഎസിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതി തീരുവ കുറച്ചില്ലെങ്കിൽ ഇന്ത്യക്കെതിരേ റെസിപ്രോക്കൽ താരിഫ് പ്രഖ്യാപിക്കുമെന്ന യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ഭീഷണി ശക്തമാണ്. ഇന്ത്യ ചുമത്തുന്ന അതേ തോതിൽ യുഎസും തീരുവ ഈടാക്കുമെന്നാണ് ട്രംപിൻറെ നിലപാട്.

ഇതിനു പിന്നാലെ കാറുകളുടെയും മദ്യത്തിൻറെയും ഇറക്കുമതി തീരുവ ഇന്ത്യ കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് യൂറോപ്യൻ യൂണിയനും രംഗത്തെത്തി. ചൈനയെ അമിതമായി ആശ്രയിക്കുന്നതിനു പകരം ഇന്ത്യൻ ഉത്പന്നങ്ങൾ കൂടുതലായി വാങ്ങാനും യൂറോപ്യൻ യൂണിയൻ താത്പര്യം പ്രകടിപ്പിക്കുന്നു. ഉയർന്ന തീരുവയാണ് ഇരു രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം മെച്ചപ്പെടുന്നതിന് തടസമെന്നും യൂറോപ്യൻ യൂണിയൻ ചൂണ്ടിക്കാട്ടുന്നു.

അതേസമയം, ഡോണൾഡ് ട്രംപിൻറെ പാരസ്പര്യ നികുതി (റെസിപ്രോക്കൽ തീരുവ) ഭീഷണി കണക്കിലെടുത്ത് യുഎസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന തെരഞ്ഞെടുത്ത ഉത്പന്നങ്ങളുടെ തീരുവ കുറയ്ക്കാൻ ഇന്ത്യ തയാറെടുക്കുകയാണ്. ആഭ്യന്തര വ്യവസായ മേഖലയ്ക്ക് ദോഷമാകാതെ തീരുവ കുറയ്ക്കാവുന്ന ഉത്പന്നങ്ങളുടെ പട്ടിക തയാറാക്കാൻ വാണിജ്യ മന്ത്രാലയം വിവിധ വകുപ്പുകളുമായി ചർച്ച ആരംഭിച്ചു. ഇന്ത്യ യുഎസ് ഉഭയകക്ഷി വ്യാപാര കരാർ ഒപ്പുവയ്ക്കുന്നതിനു മുന്നോടിയായി ഇക്കാര്യത്തിൽ തീരുമാനമുണ്ടായേക്കും.

ആഭ്യന്തര കമ്പനികൾക്ക് കാര്യമായ ഭീഷണിയില്ലാത്ത, വാഹനങ്ങളും വാഹന ഘടകങ്ങളും ഉൾപ്പെടെയുള്ളവയുടെ തീരുവ കുറയ്ക്കാനാണ് ആലോചിക്കുന്നത്. അതേസമയം, കാർഷിക മേഖലയ്ക്ക് തിരിച്ചടി സൃഷ്ടിക്കുന്ന ഉത്പന്നങ്ങളുടെ ഉയർന്ന ഇറക്കുമതി തീരുവ നിലനിർത്തിയേക്കും.

2030ൽ ഇന്ത്യയും യുഎസും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 50,000 കോടി ഡോളറിലെത്തിക്കാനാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമൻ യുഎസിൽ ഉത്പാദിപ്പിക്കുന്ന ബോർബോൺ വിസ്കി ഉൾപ്പെടെയുള്ള ഉത്പന്നങ്ങളുടെ ഇറക്കുമതി തീരുവ കുറച്ചിരുന്നു.

കഴിഞ്ഞ വർഷം 1.2 ലക്ഷം കോടി രൂപയുടെ വാഹന ഘടക ഭാഗങ്ങളാണ് ഇന്ത്യ യുഎസിലേക്കു കയറ്റി അയച്ചത്. വാഹന ഘടക ഭാഗങ്ങളുടെ ഇറക്കുമതിക്ക് അവിടെ ഇറക്കുമതി തീരുവയില്ല. എന്നാൽ, വാഹന ഭാഗങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ അഞ്ച് മുതൽ 15% വരെ തീരുവ ഇന്ത്യ ഈടാക്കുന്നുമുണ്ട്.

ഇതാണ് ട്രംപിനെ പ്രകോപിപ്പിക്കുന്നത്. യുഎസ് ഉത്പന്നങ്ങൾക്ക് ഇന്ത്യ ഈടാക്കുന്ന ശരാശരി തീരുവ 9.5 ശതമാനമാണ്. എന്നാൽ, ഇന്ത്യൻ ഉത്പന്നങ്ങൾക്ക് യുഎസിലെ ശരാശരി തീരുവ മൂന്ന് ശതമാനം മാത്രമാണ്.

## ഇ.പി.എഫ്.ഒ ഈ വർഷവും 8.25% പലിശ നൽകും



**ന്യൂദൽഹി:** ഈ വർഷവും 8.25 ശതമാനം പലിശ നൽകാൻ ഇ.പി.എഫ്.ഒ തീരുമാനിച്ചു. കഴിഞ്ഞ വർഷത്തെ നിരക്ക് തന്നെ ഈ വർഷവും നൽകാൻ ട്രസ്റ്റീസ് യോഗം തീരുമാനിക്കുകയായിരുന്നു. ഏഴ് കോടിയിലധികം വരിക്കാർക്ക് ഇതിന്റെ നേട്ടം ലഭിക്കും.

നടപ്പ് സാമ്പത്തിക വർഷം 2.05 കോടി രൂപ മൂല്യമുള്ള 5.08 കോടി ക്ലെയിമുകളാണ് ഇ.പി.എഫ്.ഒ തീർപ്പാക്കിയത്. 2023-24 സാമ്പത്തിക വർഷം 4.45 ക്ലെയിമുകളിലായി 1.82 കോടി രൂപയും നൽകി.

തൊഴിലുടമ, ജീവനക്കാർ, സംസ്ഥാന സർക്കാർ, കേന്ദ്ര തൊഴിൽ മന്ത്രാലയം എന്നിവയിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഇപിഎഫ്ഒയുടെ സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസ് (സിബിടി)ആണ് ഓരോ വർഷത്തെയും പലിശ നിരക്ക് നിശ്ചയിക്കുന്നത്. ധനമന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചശേഷമാണ് വരിക്കാരുടെ അക്കൗണ്ടിൽ തുക വരവുവെയ്ക്കുക.

സമീപ കാലയളവിൽ ഏറ്റവും കൂടുതൽ പലിശ 2018-19 സാമ്പത്തിക വർഷമാണ് നൽകിയത്. 8.65 ശതമാനം. 2019-20 വർഷത്തിൽ 8.50 ശതമാനവും 2021-22ൽ 8.1 ശതമാനവും പലിശ നൽകി.



# എ.കെ.ജി.എസ്.എം.എ : വിമതരെ സംഘടനയിൽ നിന്നും പുറത്താക്കി

**കൊച്ചി :** കേരളത്തിലെ സ്വർണ്ണ വ്യാപാരികളുടെ സംഘടനയായ ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റ്സ് അസോസിയേഷന്റെ (എ.കെ.ജി.എസ്.എം.എ) തീരുമാനങ്ങൾക്കെതിരെ പ്രവർത്തിച്ച ഐമുഹാജി, എസ്. അബ്ദുൽ നാസർ, കൊടുവള്ളി സുരേന്ദ്രൻ, കൃഷ്ണദാസ് എന്നിവരെ സംഘടനയിൽ നിന്ന് പുറത്താക്കിയതായി അസ്സോസിയേഷൻ സംസ്ഥാന ചെയർമാൻ ഡോ.ബി.ഗോവിന്ദൻ വാർത്താകുറിപ്പിലൂടെ അറിയിച്ചു. ഇവർ അവതരിപ്പിക്കുന്ന സ്വർണ്ണ വിലകൾക്കോ മറ്റ് ഇടപാടുകൾക്കോ ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റ്സ് അസോസിയേഷനുമായി യാതൊരു ബന്ധവും ഇല്ലെന്നും സ്വർണ്ണ വ്യാപാരികൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഡോ. ബി. ഗോവിന്ദൻ പറഞ്ഞു.

1945ൽ രൂപീകൃതമായ സംഘടനയിൽ 2013 ൽ ഉടലെടുത്ത അഭിപ്രായ ഭിന്നതയെ തുടർന്ന് സംഘടന പിളർന്നിരുന്നു. ഇക്കഴിഞ്ഞ ദിവസം ഇരുവിഭാഗങ്ങളും കൊച്ചിയിൽ യോഗം ചേർന്ന് ലയനം പ്രഖ്യാപിച്ച് ഒറ്റ സംഘടനയായി പ്രവർത്തിക്കാൻ തീരുമാനിച്ചു. ലയനത്തെ അംഗീകരിക്കത്തവർ സംഘടനയിൽ നിന്നും പുറത്തുപോകണമെന്നും 80 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള സംഘടനയുടെ പേരും ലോഗോയും ഉപയോഗിക്കരുതെന്നും, ഉപയോഗിച്ചാൽ ശക്തമായ നിയമ നടപടി സ്വീകരിക്കുമെന്നും പ്രസിഡന്റ് ജസ്റ്റിൻ പാലത്ര, ജനറൽ സെക്രട്ടറി കെ.എ. ജലീൽ എന്നിവർ മുന്നറിയിപ്പ് നൽകി. സ്വർണ്ണത്തിന് ഇന്ത്യ ഒട്ടാകെ ഒരു വില എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി സംഘടന മുന്നോട്ട് പോകുകയാണെന്ന് ട്രഷറർ ബിന്ദു മാധവ്, വർക്കിംഗ് പ്രസിഡന്റ് റോയി പാലത്ര എന്നിവർ പറഞ്ഞു.

# ജേണലിസം ഫെസ്റ്റ്: സഗദ്കുമാർ, ഏയ്ഞ്ചൽ എൽദോ, മെഹറുനീസ ജേതാക്കൾ

**കൊച്ചി:** പബ്ലിക്ക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ വിദ്യാർത്ഥി വിഭാഗമായ യംഗ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ്ബ് എടത്തല അൽ അമീൻ കോളജ് യൂണിറ്റ് ഇംഗ്ലീഷ് വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച ജേണലിസം ഫെസ്റ്റിൽ ഫോട്ടോ ഗ്രാഫി മൽസരത്തിൽ മൂവാറ്റുപുഴ നിർമ്മല കോളജിലെ സഗദ് കുമാറും വാർത്താവായനയിൽ ഏയ്ഞ്ചൽ എൽദോയും റിസർച്ച് പേപ്പർ പ്രസന്റേഷൻ വിഭാഗത്തിൽ മെഹറുനിസയും ജേതാക്കളായി. മാധ്യമപ്രവർത്തകയും ടി.വി അവതാരികയുമായ അഞ്ജിത അശോക് ഫെസ്റ്റ് ഉത്ഘാടനം ചെയ്തു. പി.ആർ.സി.ഐ കൊച്ചി ചാപ്റ്റർ ചെയർമാനും, തേവര എസ്.എച്ച് കോളേജ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടറുമായ ബാബു ജോസഫ് മുഖ്യ അതിഥിയായിരുന്നു. വിവിധ കലാലയങ്ങളിൽ നിന്നായി നൂറിൽപര വിദ്യാർത്ഥികൾ ഫെസ്റ്റിൽ പങ്കെടുത്തു.



എളംകുളം ചിലവന്നൂർ കപ്പേളയിൽ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ തിരുനാൾ കൊടികയറ്റം സെന്റ് ആൽബർട്ട്സ് കോളേജ് മാനേജർ ഫാ.ആന്റണി തോപ്പിൽ നിർവഹിക്കുന്നു. വികാരി ഫാ.മാർട്ടിൻ തൈപ്പറമ്പിൽ, ഫാ. യേശുദാസ് പ്രകാശ് തുടങ്ങിയവർ സമീപം.

# എളംകുളം ചിലവന്നൂർ കപ്പേളയിൽ തിരുനാൾ കൊടികയറി

കൊച്ചി. വരാപ്പുഴ അതിരൂപതയിലെ എളംകുളം ചിലവന്നൂർ കപ്പേളയിൽ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ 57മത് തിരുനാൾ കൊടികയറ്റത്തിനും കുർബാനയ്ക്കും സെന്റ് ആൽബർട്ട്സ് കോളേജ് മാനേജർ ഫാ.ആന്റണി തോപ്പിൽ മുഖ്യകാർമികത്വം വഹിച്ചു. ഫാ.യേശുദാസ് പ്രകാശ് വചനപ്രഘോഷം നടത്തി. വികാരി ഫാ.മാർട്ടിൻ തൈപ്പറമ്പിൽ സഹകാർമികനായിരുന്നു. ഇന്ന് ശനിയാഴ്ച വൈകുന്നേരം ആറുമണിക്ക് കുർബാനയ്ക്ക് ഫാ.ജോമിൻ ജോർജ് മുഖ്യകാർമികനും ഫാ. ആന്റണി റാഫേൽ കൊമരംചാത്ത് വചനപ്രഘോഷകനും ആയിരിക്കും. രണ്ടാം തീയതി ഞായറാഴ്ച തിരുനാൾ സമാപന ദിനത്തിൽ വൈകുന്നേരം 5:45ന് കുർബാനയ്ക്ക് വികാരി ഫാ. ജോബി ആലപ്പാട്ട് മുഖ്യകാർമികത്വം വഹിക്കും തുടർന്ന് പ്രദക്ഷിണത്തോടെ തിരുനാൾ സമാപിക്കും.




# ജനകീയ കാൻസർ ക്യാമ്പയിനിൽ പങ്കാളികളായി ഇന്നർവീൽ ക്ലബ് ഓഫ് ട്രിവാൻഡ്രം നോർത്ത്

**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിന്റെ 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ പങ്കാളികളായി സ്ത്രീകളുടെ ഏറ്റവും വലിയ കൂട്ടായ്മകളിൽ ഒന്നായ ഇന്നർവീൽ ക്ലബ്ബിന്റെ ട്രിവാൻഡ്രം നോർത്ത്. ക്യാമ്പയിന്റെ ഭാഗമായി സർവിക്കൽ കാൻസർ നിർണയ ക്യാമ്പ് മാർച്ച് ഒന്നാം തീയതി വേട്ടമുക്ക് റസിഡൻസ് അസോസിയേഷൻ അങ്കണവാടി ഹാളിൽ വച്ച് നടക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പോസ്റ്റർ പ്രകാശനം ചെയ്തു. ഇന്നാണ് സർവിക്കൽ കാൻസർ രോഗ നിർണയ ക്യാമ്പ് സംഘടിപ്പിക്കുന്നത്. പിആർഎസ് ഹോസ്പിറ്റലിലെ വിദഗ്ധരായ ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുക. ഇന്നർവീൽ ക്ലബ് ഓഫ് ട്രിവാൻഡ്രം നോർത്ത് പ്രസിഡന്റ് ശൈലജ ശരത്ത്, സെക്രട്ടറി ലതിക നായർ, വേട്ട മുക്ക് റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് സുരേഷ് കുമാർ, സെക്രട്ടറി വേണുഗോപാൽ എന്നിവരും മറ്റ് ക്ലബ് മെമ്പർമാരും ക്യാമ്പിൽ പങ്കെടുക്കും. രോഗനിർണയ ക്യാമ്പിലേക്ക് പ്രവേശനം സൗജന്യമായിരിക്കും. ഈ അവസരം എല്ലാവരും പ്രയോജനപ്പെടുത്തണം.

# അപൂർവ രോഗ ചികിത്സയിൽ നിർണായക ചുവടുവയ്പ്പ് കൂടി കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രോത്ത് ഹോർമോൺ ചികിത്സ

**തിരുവനന്തപുരം:** സംസ്ഥാനത്തെ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രോത്ത് ഹോർമോൺ (ജിഎച്ച്) ചികിത്സ ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ലോക അപൂർവ രോഗ ദിനത്തിൽ അപൂർവ രോഗ ചികിത്സയിൽ മറ്റൊരു നിർണായക ചുവടുവയ്പ്പാണ് ഇതിലൂടെ നടത്തുന്നത്. ജന്മനായുള്ള വൈകല്യങ്ങൾ കണ്ടെത്തി കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലക്ഷക്കണക്കിന് രൂപ ചെലവുള്ള ഹോർമോൺ ചികിത്സ കെയർ പദ്ധതിയിലൂടെ സൗജന്യമായാണ് നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

അപൂർവ രോഗ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്എടി ആശുപത്രിയിലാണ് ഗ്രോത്ത് ഹോർമോൺ ചികിത്സയ്ക്കായുള്ള ക്യാമ്പ് സംഘടിപ്പിച്ചത്. 20 കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ കുറവിനായുള്ള ചികിത്സ ആരംഭിച്ചു. ടർണർ സിൻഡ്രോം ബാധിച്ച 14 പേർക്കും ജിഎച്ച് കുറവുള്ള 6 പേർക്കും സെന്റർ ഓഫ് എക്സലൻസിന്റെ കീഴിൽ ജിഎച്ച് തെറാപ്പി ആരംഭിച്ചു. രോഗികളെ മൾട്ടി ഡിസിപ്ലിനറി ടീം വിശദമായി പരിശോധിച്ചാണ് ജിഎച്ച് തെറാപ്പി നൽകിയത്.

ശരീരത്തിലെ വളർച്ചയെയും വികാസത്തെയും നിയന്ത്രിക്കുന്ന ഒരു പ്രധാന ഹോർമോൺ ആണ് ഗ്രോത്ത് ഹോർമോൺ. പിറ്റിയൂറ്ററി ഗ്രന്ഥിയാണ് ഇത് ഉത്പാദിപ്പിക്കുന്നത്. കുട്ടികളുടെയും കൗമാരക്കാരുടെയും വളർച്ചയെ സഹായിക്കുന്ന പ്രധാന ഹോർമോൺ ആണിത്. പേശികളുടെ വളർച്ചയ്ക്കും ബലത്തിനും ഇത് സഹായിക്കുന്നു. ഗ്രോത്ത് ഹോർമോണിന്റെ കുറവ് കാരണം കുട്ടികളിൽ വളർച്ച മുരടിക്കുന്നതിന് കാരണമാകാം. മുതിർന്നവരിൽ പേശികളുടെ ബലക്കുറവ്, ക്ഷീണം, അസ്ഥികളുടെ ബലക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾക്ക് കാരണമാകാം. ഈ രോഗം ആരംഭത്തിലേ ശാസ്ത്രീയമായി ചികിത്സിച്ചില്ലെങ്കിൽ വളർച്ച മുരടിപ്പിനും മറ്റ് ഗുരുതര ശാരീരിക പ്രശ്നങ്ങൾക്കും കാര്യമാകും.

അപൂർവ രോഗ പരിചരണ മേഖലയിൽ പുത്തൻ ചുവടുവയ്പ്പായി 2024 ഫെബ്രുവരി മാസത്തിലാണ് സംസ്ഥാന സർക്കാർ കെയർ പദ്ധതി ആരംഭിച്ചത്. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങൾക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് ആക്കിയും ഉയർത്തി. 2024ലാണ് എസ്.എ.ടി. ആശുപത്രിയിൽ അപൂർവ രോഗങ്ങൾക്കുള്ള എൻസൈം റീപ്ലെയ്സ്മെന്റ് തെറാപ്പി ആരംഭിച്ചത്. ഇതുകൂടാതെ എസ്എംഎ രോഗത്തിന് 100 കുട്ടികൾക്ക് കെയർ പദ്ധതിയുടെ ഭാഗമായി വിലയേറിയ ചികിത്സയും നൽകി വരുന്നു.

എസ്എടി ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദു എസ്, പീഡിയാട്രിക്സ് പ്രൊഫ. & എച്ച്ഒഡി ഡോ. ബിന്ദു ജി എസ്, സ്പെഷ്യലിസ്റ്റ് ഡോ. ശങ്കർ വി എച്ച്, ഡോ. റിയാസ് ഐ, ഡോ. വിനിത എഒ, നോഡൽ ഓഫീസർ ഡോ. രാഹുൽ എന്നിവർ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു.

# ജൈവവൈവിധ്യ ബോർഡിന്റെ ഇരുപതാം വാർഷികം

**തിരുവനന്തപുരം:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഇരുപതാം വാർഷികാഘോഷങ്ങളുടെയും 'Every Child a Scientist and an Artist (ECASA)' എന്ന കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതിയുടേയും ഔപചാരിക ഉദ്ഘാടനം മന്ത്രി ആർ ബിന്ദു നിർവഹിച്ചു. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും കുറിച്ച് വിശദീകരിച്ചതോടൊപ്പം ജൈവവൈവിധ്യ ബോർഡിലെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പൂർണ്ണമായ പിന്തുണ ഉണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.

തൈക്കാട് ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി ദത്തൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ.എൻ. അനിൽ കുമാർ, മെമ്പർ സെക്രട്ടറി ഡോ. വി.ബാലകൃഷ്ണൻ മുൻ ബോർഡ് ചെയർമാൻമാരായ ഡോ.ആർ.വി. വർമ്മ, ഡോ.ഉമ്മൻ വി ഉമ്മൻ, ഡോ.സി ജോർജ് തോമസ്, തുടങ്ങി നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ ഡോ.സി.എസ് വിമൽകുമാർ നന്ദി രേഖപ്പെടുത്തി.
വള്ളക്കടവ് ജൈവവൈവിധ്യ മ്യൂസിയത്തിന് സമീപത്തുള്ള കുട്ടികൾക്കായി 'ഇക്കാസ' യുടെ പ്രഥമ പരിപാടി എം.സി ദത്തൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഇ കുഞ്ഞികൃഷ്ണൻ, 'കേരളത്തിലെ ജൈവവൈവിധ്യത്തിനൊരാമുഖം' എന്ന പരിപാടിയിൽ കുട്ടികളുമായി സംവദിച്ചു. കിറ്റ്സ് പ്രിൻസിപ്പൽ രാജേന്ദ്രൻ പരിപാടിയിൽ പങ്കെടുത്തു.

# അന്താരാഷ്ട്ര വനിതാ ദിനാഘോഷം ഇന്ന്

## സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ സമിതി പുരസ്കാരങ്ങൾ വിതരണം ചെയ്യും

**തിരുവനന്തപുരം:** കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വനിതാ ദിനാഘോഷം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രാവിലെ 10 മണിക്ക് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഭാഗ്യമാല ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ സമിതി പുരസ്കാരങ്ങൾ വിതരണം ചെയ്യും. വനിതാ കമ്മീഷന്റെ പ്രഥമ സ്ത്രീശക്തി പുരസ്കാരത്തിന് അർഹരായ 9 പേരെ പരിപാടിയിൽ ആദരിക്കും. ഈ വർഷത്തെ പത്മശ്രീ അവാർഡിന് അർഹയായ ഡോ. കെ. ഓമനക്കുട്ടി ടീച്ചർ, അണ്ടർ 19 ട്വന്റി ടൃന്റി ലോകകപ്പ് നേടിയ ഇന്ത്യൻ ടീം അംഗം വി.ജെ ജോഷിത, കാൻസർ അതിജീവിതയും വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ ജേതാവുമായ പൂജപ്പുര വനിതകളുടെ തുറന്ന ജയിൽ സൂപ്രണ്ട് സോഫിയ ബീവി, 2022ൽ പത്മശ്രീ അവാർഡ് ലഭിച്ച സാക്ഷരതാ പ്രവർത്തകയായ മലപ്പുറം സ്വദേശിനി കെ.വി. റാബിയ, 1986 മുതൽ 18 വയസിന് മുകളിലുള്ള ഭിന്നശേഷിക്കാർക്കായി തൃശൂർ കാര്യാട്ടുകരയിൽ അസോസിയേഷൻ ഫോർ മെന്റലി ഹാൻഡിക്യാപ്ഡ് അഡൾട്ട്സ് എന്ന സ്ഥാപനം നടത്തിവരുന്ന പ്രൊഫ. പി. ഭാനുമതി, ഇടുക്കി ജില്ലയിൽ അന്യം നിന്നുപോയ കിഴങ്ങുവർഗങ്ങളുടെ പരിരക്ഷകയായ 85 വയസുള്ള കർഷക ലക്ഷ്മി ഊഞ്ഞാംപാറകുടി, ചെങ്കൽചൂളയിലെ ഹരിതകർമ്മ സേനാംഗമായ സാഹിത്യകാരി ധനൂജ കുമാരി, കരിവെള്ളൂർ സ്വദേശിയും മസ്കുലർ ഡിസ്ട്രോഫി ബാധിതയുമായ സാഹിത്യകാരി സതി കൊടക്കാട്, ജീവിത സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനായി മരംവെട്ട് ഉപജീവനമാർഗമാക്കിയ പാലക്കാട് സ്വദേശി എസ്. സുഹദ എന്നിവരെയാണ് പുരസ്കാരത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

മന്ത്രി വീണാ ജോർജ് അദ്ധ്യക്ഷയാകുന്ന പരിപാടിയിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ശശി തരൂർ എം പി, വി കെ പ്രശാന്ത് എംഎൽഎ, മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ ശർമ്മിള മേരി ജോസഫ് എന്നിവർ വിശിഷ്ടാതിഥികളാകും. ജില്ലാ കളക്ടർ അനുകുമാരി, പൊലീസ് ഹെഡ്ക്വോട്ടേഴ്സ് ഐജി ഹർഷിത അട്ടല്ലൂരി, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ, വനിതാ കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ, വനിതാ കമ്മിഷൻ അംഗങ്ങളായ അഡ്വ ഇന്ദിര രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി, വി ആർ മഹിളാമണി, അഡ്വ. പി കുഞ്ഞായിഷ, കൗൺസിലർ പാളയം രാജൻ എന്നിവർ ആശംസകൾ അർപ്പിക്കും. വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി സതീദേവി സ്വാഗതവും മെമ്പർ സെക്രട്ടറി വൈ ബി ബീന നന്ദിയും അർപ്പിക്കും.

ആഘോഷപരിപാടിയുടെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ രാവിലെ 9 മണി മുതൽ അർബുദ പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ഉദ്ഘാടനത്തിനു ശേഷം ഉച്ച കഴിഞ്ഞ് വനിതാ കമ്മീഷന്റെ ഇരുപത്തിയഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് നിർമിച്ച ഡോക്യുമെന്ററി കരുതലിന്റെ കാൽനൂറ്റാണ്ട്' പ്രദർശിപ്പിക്കും. തുടർന്ന് നടക്കുന്ന കലാസായാഹ്നം പരിപാടി സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ ദിവ്യ എസ് അയ്യർ ഉദ്ഘാടനം ചെയ്യും. ഷൈലജ പി അംബു അവതരിപ്പിക്കുന്ന ഏകാംഗനാടകം 'മത്സ്യഗന്ധി'യും മൈമും സംഗീത പരിപാടിയും അരങ്ങേറും.

# വൈദ്യുതി ഉപഭോഗം നേരിടാൻ കെ എസ് ഇ ബി ആവശ്യമായ മുന്നൊരുക്കം നടത്തിയെനന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി

**അമ്പലപ്പുഴ:** വേനൽ ചൂടിൽ വർദ്ധിച്ച് വരുന്ന വൈദ്യുതി ഉപഭോഗം നേരിടാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്(കെ.എസ്.ഇ.ബി) ആവശ്യമായ മുന്നൊരുക്കം നടത്തിയിട്ടുണ്ടെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി.

പുതുതായി നിർമ്മിച്ച കെ.എസ്.ഇ.ബി അമ്പലപ്പുഴ സെക്ഷൻ ഓഫീസിന്റെയും സബ് ഡിവിഷൻ ഓഫീസിന്റെയും ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.നിലവിൽ പ്രതിദിന വൈദ്യുത ഉപഭോഗം 95 ദശലക്ഷം യൂണിറ്റാണ്. മാർച്ചിൽ ഇത് 100 ദശലക്ഷം യൂണിറ്റിൽ എത്താൻ സാധ്യതയുണ്ടെന്നും മന്ത്രി പറഞ്ഞു.

വേനൽ ചൂടിന്റെ സമയത്ത് കൈമാറ്റ ക്കരാർ വഴി വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി എത്തിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. പഞ്ചാബുമായും യുപിയുമായും കരാറിന് ധാരണയായിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചതിനു ശേഷമായിരിക്കും തുടർ നടപടി. സംസ്ഥാനത്തിന് വൈദ്യുതി അധികമായി ആവശ്യമുള്ള മാർച്ച് മുതൽ മെയ് വരെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനും ഉപഭോഗം കുറവുള്ള ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഇത് തിരികെ നൽകാനുമാണ് ഉദ്ദേശിക്കുന്നത്. ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ് എന്നിവടങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കാനും ശ്രമിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ എച്ച് സലാം എംഎൽഎ അധ്യക്ഷത വഹിച്ചു. സാധാരണകാർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിക്കുവാൻ കെ എസ് ഇ ബിക്ക് സാധിക്കുന്നത് അവരുടെ ഫലപ്രദമായ മാനേജ്മെന്റ് സംവിധാനം കൊണ്ടാണെന്ന് എം. എൽ. എ പറഞ്ഞു. കാലോചിതമായി കൂടുതൽ മെച്ചപ്പെട്ടതും ഗുണമേൻമയുള്ളതുമായ വൈദ്യുതി ജനങ്ങൾക്കായി നൽകാൻ വിവിധങ്ങളായ പദ്ധതികളാണ് കെ എസ് ഇ ബി സംസ്ഥാനത്ത് നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

കെ.എസ്.ഇ.ബി ലിമിറ്റഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സ്മിത മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ശോഭ ബാലൻ, എസ് ഹാരിസ്, പുറക്കാട് വൈസ് പ്രസിഡന്റ് വി എസ് മായാദേവി, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തംഗം കെ മനോജ് കുമാർ, ട്രാൻസിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ജി ശ്രീകുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഇൻ ചാർജ് റജികുമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ഇരു നിലകളിലായി 2300 ചതുരശ്രയടിയിൽ അമ്പലപ്പുഴ കച്ചേരി മുക്കിന് സമീപമാണ് ഓഫീസ് നിർമിച്ചത്. ദേശീയപാതക്ക് സ്ഥലം വിട്ടുനൽകിയതോടെ അസൗകര്യങ്ങൾ വർധിച്ചതും കാലപ്പഴക്കമേറിയതുമായ കെട്ടിടം പൊളിച്ചുനീക്കിയാണ് പുതിയത് നിർമിച്ചത്. താഴത്തെ നിലയിൽ 1200 ചതുരശ്രയടിയിൽ സൂപ്രണ്ട് ഓഫീസ്, അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ ഓഫീസുകൾ, സ്റ്റോർ, റെക്കോർഡ് മുറികൾ, ക്യാഷ് കൗണ്ടർ, അന്വേഷണ കൗണ്ടർ, ശുചിമുറി എന്നിവയും മുകളിലെ 1100 ചതുരശ്രയടിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, ജീവനക്കാർക്കുള്ള വിശ്രമമുറി എന്നിവയുമാണുള്ളത്. 68 ലക്ഷം രൂപയാണ് നിർമ്മാണ ചെലവ്. അമ്പലപ്പുഴ വടക്ക് പഞ്ചായത്തിന്റെ വിവിധ വാർഡുകൾ, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത്, പുറക്കാട് പഞ്ചായത്തിന്റെ തെക്കേ അറ്റമായ തോട്ടപ്പള്ളി എന്നിവിടങ്ങളിലെ 24000 ത്തിലധികം ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാകുന്നതിന് പുതിയ ഓഫീസിന്റെ പ്രവർത്തനം സഹായകരമാകും.

# സമൂഹത്തെ മുന്നോട്ട് നയിക്കുന്നതും ഉന്നതനിലവാരം പുലർത്തുന്നതുമായിരിക്കണം ടെലിവിഷൻ പരിപാടികൾ: മന്ത്രി

**തിരുവനന്തപുരം:** ബഹുജന മാധ്യമങ്ങളിൽ സിനിമ പോലെ വിപുലമായ ജനസ്വാധീനമുള്ള മാധ്യമമാണ് ടെലിവിഷൻ എന്നതുകൊണ്ട് തന്നെ സമൂഹത്തെ മുന്നോട്ട് നയിക്കുന്നതും കലാപരമായി ഉന്നതനിലവാരം പുലർത്തുന്നതുമായിരിക്കണം ടെലിവിഷൻ പരിപാടികൾ എന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. 2022, 2023 വർഷങ്ങളിലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡുകളുടെയും 2022 ലെ ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന്റെയും സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും കഥ പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് പ്രചോദനമാവുംവിധം അവതരിപ്പിച്ച ആൺപിറന്നോൾ എന്ന പരമ്പരയാണ് മികച്ച സീരിയലിനുള്ള അവാർഡ് നേടിയിരിക്കുന്നത്.

സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിക്കാത്ത, വ്യത്യസ്തമായ പ്രമേയങ്ങൾ അവതരിപ്പിക്കുന്ന സീരിയലുകൾ ഉണ്ടാകുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണെന്ന് മന്ത്രി പറഞ്ഞു.

മുൻ വർഷങ്ങളിലെ ജൂറി അംഗങ്ങളുടെയും പൊതുസമൂഹത്തിന്റെയും വിമർശനങ്ങൾ ദൃശ്യമാധ്യമങ്ങൾ ക്രിയാത്മകമായി ഉൾക്കൊണ്ടിരിക്കുന്നെന്നും അതിനനുസരിച്ച് അവർ ചുവടു മാറ്റുന്നു എന്നത് നല്ല സൂചനയാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.



# ക്ഷയരോഗ പരിശോധന ക്യാമ്പയിൻ; ജില്ലയിൽ 619 രോഗികളെ കണ്ടെത്തി

**കോഴിക്കോട്:** ജില്ലാതല ക്ഷയരോഗ നിർമാർജ്ജനത്തിന്റെഭാഗമായുള്ള 100 ദിന ക്യാമ്പയിനിൽ കോഴിക്കോട് ജില്ലയിൽ ഇതുവരെ 2,27,091 പേരിൽ ക്ഷയരോഗ പരിശോധന നടത്തിയതിൽ 619 രോഗികളെ കണ്ടെത്തി. കോഴിക്കോട് ജില്ലാതല ക്ഷയരോഗ നിർമാർജ്ജനത്തിന്റെയും എയിഡ്സ് രോഗപ്രതിരോധ, നിയന്ത്രണത്തിന്റെയും അവലോകന യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 100 ദിന കർമ പരിപാടിയുടെ ഭാഗമായി നടന്നുവരുന്ന ജില്ലാതല ക്ഷയരോഗ നിർണയ ബോധവത്കരണ പരിപാടികളുടെ അവലോകനമാണ് നടത്തിയത്. കഴിഞ്ഞ ഡിസംബർ 7 നാണ് നൂറു ദിന പരിപാടി ജില്ലയിൽ ആരംഭിച്ചത്. മാർച്ച് 24 ന് അവസാനിക്കും. ക്യാമ്പയിന്റെ ഭാഗമായി പരിശോധനകളും വിവിധങ്ങളായ അവബോധ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

ജില്ലാ ടിബി ഓഫീസറും, എയ്ഡ്സ് കൺട്രോൾ ഓഫീസറുമായ ഡോ. സ്വപ്ന കെ വി വിവരങ്ങൾ വിശദീകരിച്ചു. ക്ഷയ രോഗികൾക്കുള്ള ഐസൊലേഷൻ വാർഡുകൾ ജില്ലയിൽ തന്നെ സജ്ജീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും പോഷകാഹാരം ലഭ്യമാക്കാൻ രൂപീകരിച്ച നിക്ഷയ് മിത്ര പദ്ധതി സജീവമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തയ്യാറാക്കാനും നിർമിതി ബുദ്ധി അടിസ്ഥാനമാക്കിയുള്ള എക്സ്റേ വാങ്ങുന്നതിനുള്ള തീരുമാനങ്ങൾ കൈകൊള്ളാനും ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ഹ്രസ്വ വീഡിയോ മത്സരം നടത്താനും യോഗത്തിൽ തീരുമാനിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ എൻ രാജേന്ദ്രൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ സി കെ ഷാജി, ലോകാരോഗ്യ സംഘടന കൺസൾട്ടന്റ് ഡോ. അനൂപ് കുമാർ, ജില്ലാ പഞ്ചായത്ത്, സാമൂഹ്യ നീതി വകുപ്പ്, പട്ടിക വർഗ വികസന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# മില്ലറ്റുകൾ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നത് ആരോഗത്തിന് ഗുണകരം: മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** മില്ലറ്റുകൾ അഥവാ ചെറുധാന്യങ്ങൾ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നത് മാറുന്ന കാലത്തെ അനാരോഗ്യഭക്ഷണം മൂലമുണ്ടാകാനിടയുള്ള ജീവിതശൈലീ രോഗങ്ങളെ തടയാൻ സഹായിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഇഷാസ് കൃഷിക്കൂട്ടം ആരംഭിച്ച മില്ലറ്റ് കഫേയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നമ്മുടെ നാട്ടിൽ അരിയാഹാരത്തിന് ഒരു വി.ഐ.പി. പരിവേഷം ഉണ്ടായിരുന്ന കാലത്തും ചെറിയ തോതിൽ ചെറുധാന്യങ്ങൾ ഇവിടെ കൃഷി ചെയ്തിരുന്നു. അരി ലഭ്യതയിൽ കുറവ് വന്ന അവസരങ്ങളിൽ നാം ആശ്രയിച്ചിരുന്നതും ചെറുധാന്യങ്ങളെയാണ്. എന്നാൽ ഹരിത വിപ്ലവത്തിന്റെ ഫലമായി അരിയുടെയും ഗോതമ്പിന്റെയും ലഭ്യതയും വ്യാപകമായ വിതരണവും സാധ്യമായി. പക്ഷേ അരിയാഹാരം നമ്മുടെ തീന്മേശകളിൽ പ്രധാനവിഭവമായതിന് പിന്നാലെ പ്രമേഹവും മറ്റ് ജീവിത ശൈലിരോഗങ്ങളും കൂട്ടിനെത്തി. ഒരു വർഷം 40ലക്ഷം ടൺ അരി എന്ന അളവിൽ നിന്നും 29 ലക്ഷം ടൺ എന്ന നിലയിലേക്ക് ഇന്ന് നമ്മുടെ സംസ്ഥാനത്തെ അരി ഉപയോഗം കുറഞ്ഞിട്ടുണ്ട്. ഇതിന്റെ കാരണം ജീവിതശൈലി രോഗങ്ങൾ തന്നെയാണ്. മറ്റ് പല രോഗങ്ങളിലേക്കും വഴി തുറക്കുന്ന പ്രമേഹത്തിൽ നിന്നും രക്ഷ നേടാനുള്ള മാർഗ്ഗമെന്ന നിലയ്ക്ക് ഡോക്ടർമാർ പറഞ്ഞു കേൾക്കുമ്പോഴാണ് വീണ്ടും മലയാളി ഈ അവഗണിക്കപ്പെട്ട ചെറുധാന്യങ്ങളെ ആഹാരത്തിന്റെ ഭാഗമാക്കാൻ തയ്യാറാകുന്നത്. ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ ചെറുധാന്യങ്ങളുടെ പ്രാധാന്യം ലോകത്തിന് മുന്നിൽ വിളിച്ചറിയിക്കുന്നതിന് 2023 അന്തർദേശീയ ചെറുധാന്യ വർഷമായി ആചരിച്ചിരുന്നു. ആരോഗ്യസംരക്ഷണത്തിൽ ചെറുധാന്യങ്ങളുടെ ആവശ്യകതയും പ്രാധാന്യവും മനസിലാക്കിയാണ് സംസ്ഥാന കൃഷി വകുപ്പ് മില്ലറ്റ് കൃഷി പ്രോത്സാഹനം, കൃഷി വിസ്തൃതി വർദ്ധനവ് എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകി പദ്ധതികൾ നടപ്പിലാക്കിയത്. ദേവികുളങ്ങര കൃഷിഭവൻ പരിധിയിൽ തന്നെ ജില്ലയിലെ ആദ്യ മില്ലറ്റ് കഫേ പദ്ധതി നടപ്പിലാക്കുന്നത്.




# ഭാരത് ടെക് ട്രയംഫ് പ്രോഗ്രാം സീസൺ 3 ഇന്ത്യ പവിലിയൻ സ്ഥാപിക്കും

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഇൻററാക്ടീവ് എൻറർടെയ്ൻമെൻറ് പ്ലാറ്റ്ഫോമായ വിൻസോ ഗെയിംസിൻറെയും ഇൻററാക്ടീവ് എൻറർടെയ്ൻമെൻറ് ആൻഡ് ഇന്നൊവേഷൻ കൗൺസിലിൻറെയും (ഐഇഐസി) നേതൃത്വത്തിൽ സംഘടിപ്പിച്ച ഭാരത് ടെക് ട്രയംഫ് പ്രോഗ്രാം (ബിടിടിപി) നടത്തിയ ഗ്രാൻഡ് ഫിനാലെയിൽ വിജയികളായ 20 ഗെയിം ഡെവലപ്പർമാരെ പ്രഖ്യാപിച്ചു.

സർക്കാരിൻറെ ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയമായ ഡിപിഐഐടിയുമായി സഹകരിച്ചാണ് ബിടിടിപിയുടെ മൂന്നാം പതിപ്പ് സംഘടിപ്പിച്ചത്. മൂന്ന് പതിപ്പുകളിലായി 1500ലധികം ഗെയിംഡെവലപ്പർമാരും വിദ്യാർത്ഥികളും പങ്കെടുത്തു.

യുഎസ്ഇന്ത്യ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ഫോറത്തിൻറെ സിഇഒയും പ്രസിഡൻറുമായ ഡോ. മുകേഷ് അഗി, ആക്സൽ പാർട്ണേഴ്സ് സഹസ്ഥാപകനായ പ്രശാന്ത് പ്രകാശ്, രുകം ക്യാപിറ്റലിൻറെ സ്ഥാപകയും മാനേജിംഗ് പാർട്ണറുമായ അർച്ചന ജഹാഗിർദാർ, ഡിപിഐഐടി ജോയിൻറ് സെക്രട്ടറി സഞ്ജീവ് സിംഗ്, കലാരി ക്യാപിറ്റലിൻറെ എംഡി രാജേഷ് രാജു എന്നിവരുൾപ്പെട്ട ജൂറിയാണ് സീസണ് 3 ലെ വിജയികളെ വിലയിരുത്തിയത്.

വിജയികൾ സാൻ ഫ്രാൻസിസ്കോയിൽ മാർച്ച് 1721 വരെ നടക്കുന്ന ഗെയിംഡെവലപ്പർ കോൺഫ്രൻസ്, ഏപ്രിൽ വരെ ഇന്ത്യയിൽ നടക്കുന്ന സ്റ്റാർട്ട്അപ്പ് മഹാകുംഭ്, മെയ് 14 വരെ നടക്കുന്ന വേവ്സ് എന്നിവയിൽ ഇന്ത്യയെ പ്രതിനിധീകരിക്കും. നിക്ഷേപകർ, പ്രസാധകർ, വ്യവസായ മുന്നോടിക്കാർ എന്നിവരുടെ ആഗോള പ്രേക്ഷകർക്ക് മുന്നിൽ അവരുടെ നൂതന ഗെയിമുകളും തദ്ദേശീയ ഗെയിമിംഗ് ഐപികളും പ്രദർശിപ്പിക്കും.

യുഎസ്ഇന്ത്യ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ഫോറം റിപ്പോർട്ട് അനുസരിച്ച് ഇന്ത്യൻ ഗെയിമിംഗ് മേഖല നിലവിൽ 4 ബില്യൺ യുഎസ് ഡോളറാണ്. 2034 ആകുമ്പോഴേക്കും 60 ബില്യൺ യുഎസ് ഡോളറിൻറെ വിപണി മൂല്യം ഇന്ത്യൻ ഗെയിമിംഗ് മറികടക്കും.

# ഡിസൈൻ സങ്കൽപങ്ങൾ പരിചയപ്പെടാൻ അവനി പ്രദർശനം

**കൊച്ചി:** ഡിസൈൻ സങ്കൽപങ്ങൾ പരിചയപ്പെടുത്താനും ജനകീയമാക്കാനും ലക്ഷ്യമിട്ട് കോഴിക്കോട് അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഒരുക്കുന്ന പ്രദർശനത്തിനു പനമ്പിള്ളി നഗറിലെ റോട്ടറി ക്ലബ്ബ് ഹാളിൽ തുടക്കം. അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ പഠനത്തിന്റെ ഭാഗമായി 3 വർഷമായി 40 അധ്യാപകരും ഇരുന്നൂറിലേറെ വിദ്യാർഥികളും ചേർന്ന് ഒരുക്കിയ വിവിധ ആശയങ്ങളാണ് പ്രദർശനത്തിലുള്ളത്. നാം നമ്മെ എവിടെയാണ് അടയാളപ്പെടുത്തുന്നത് എന്നതാണ് പ്രമേയം. നഗരങ്ങളുടെയും തെരുവുകളുടെയും രേഖാചിത്രങ്ങൾ, കെട്ടിടങ്ങളുടെയും വീടുകളുടെയും മാതൃകകൾ, ഇൻസ്റ്റലേഷൻ, ഗെയിമുകൾ, വീഡിയോകൾ, ഹ്രസ്വ ചിത്രങ്ങൾ, ഗവേഷണ പ്രസിദ്ധീകരണങ്ങൾ, പോസ്റ്ററുകൾ, കാലിഗ്രഫി, ഓറിഗാമി എന്നിവ പ്രദർശനത്തിലെ പ്രധാന ആകർഷണങ്ങളാണ്. അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ ലണ്ടനിലെ വിവിധ ആർക്കിടെക്ടുകളുടെ മാർഗനിർദേശത്തോടെ തയ്യാറാക്കിയതാണ് പ്രദർശനത്തിലെ പല വർക്കുകളും.

കൊച്ചി മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി ഉദ്ഘാടനം ചെയ്തു. അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ചെയർമാൻ ആർക്കിടെക്ട് ടോണി ജോസഫ് അധ്യക്ഷത വഹിച്ചു. അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ജോമി ജോസഫ്, ആർക്കിടെക്ട് വിഭാഗം മേധാവി ഡോ. സൗമിനി രാജ, ആർക്കിടെക്റ്റ് സെബാസ്റ്റ്യൻ ജോസഫ്, ആർക്കിടെക്ട് അമ്പിളി എസ്, നിഖിൽ കെ സണ്ണി എന്നിവർ പ്രസംഗിച്ചു.

അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ പത്താം വാർഷികത്തിന്റെ ഭാഗമായി പനമ്പിള്ളി നഗറിലെ റോട്ടറി ക്ലബ്ബ് ഹാളിൽ നടത്തുന്ന പരിവർത്തനത്തിന്റെ വാസ്തുകല : ചില ദക്ഷിണേഷ്യൻ കാഴ്ച്ചകൾ എന്ന പ്രദർശനവും ഇന്നലെ ആരംഭിച്ചു. പ്രദർശനത്തിൽ പൊതുയിടങ്ങളിലെ ഭൗതിക സൗകര്യങ്ങളിലും ലാൻഡ്സ്കേപ്പുകളിലും നിർമിതികൾ നടത്തുന്ന 41 വ്യത്യസ്തമായിട്ടുള്ള വാസ്തുകലാ ആവിഷ്ക്കാരങ്ങളാണ് പ്രദർശിപ്പിക്കുന്നത്. ഇന്ത്യ, അഫ്ഗാനിസ്ഥാൻ, നേപ്പാൾ, ബംഗ്ലാദേശ്, ശ്രീലങ്ക, പാക്കിസ്ഥാൻ തുടങ്ങി വിവിധ രാജ്യങ്ങളിലെ നിർമാണ രീതികൾ പ്രദർശനത്തിലൂടെ കണ്ടറിയാം. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ദക്ഷിണേഷ്യൻ വാസ്തുകലയിൽ ഉണ്ടായിട്ടുള്ള ഗതിമാറ്റത്തെ അടയാളപ്പെടുത്തുന്നതാണ് ഈ നിർമിതികൾ. പുതുതലമുറ ആർക്കിടെക്ടുമാർ രൂപം നൽകിയ ഈ നിർമിതികളുടെ ചിത്രങ്ങളും വിവരണങ്ങളും രൂപകൽപ്പനകളും വീഡിയോകളുമാണ് വാസ്തുകലാ പ്രദർശനത്തിലുള്ളത്. രാജ്യാന്തര തലത്തിൽ പ്രശസ്തരായ ആർക്കിടെക്ടുമാരായ രാഹുൽ മെഹ്രോത്ര, ദേവശ്രീ ഷാ, പ്രണവ് തോലെ എന്നിവരാണ് വാസ്തുകലാ പ്രദർശനത്തിന്റെ ക്യൂറേറ്റർമാർ. രാവിലെ 9 മുതൽ രാത്രി 8 വരെയാണ് പ്രദർശനം. പ്രവേശനം സൗജന്യമാണ്. ഞായറാഴ്ച്ച പ്രദർശനം സമാപിക്കും.

# റഫറൽ പ്രോഗ്രാമുമായി പ്യുവർ ഇവി

**തിരുവനന്തപുരം :** ഇലക്ട്രിക് ഇരുചക്ര വാഹന നിർമ്മാതാക്കളായ പ്യുവർ ഇവി പ്യുവർ പെർഫെക്റ്റ് 10 റഫറൽ പ്രോഗ്രാം ആരംഭിച്ചു. ഇതിലൂടെ നിലവിലുള്ള പ്യുവർ ഇവി ഉപഭോക്താക്കൾക്കും, 2025 മാർച്ച് 31നകമോ ഔട്ട്ലെറ്റുകളിൽ സ്റ്റോക്ക് തീരുന്നത് വരെയോ പ്യുവർ ഇവി വാഹനം വാങ്ങുന്ന പുതിയ ഉപഭോക്താക്കൾക്കും ക്യാഷ്ബാക്ക് റിവാർഡ് ലഭിക്കും. ഈ സ്കീം പ്രകാരം നിലവിലുള്ളതും പുതിയതുമായ പ്യുവർ ഇവി ഉപഭോക്താക്കൾക്കും അവരുടെ രജിസ്റ്റർ ചെയ്ത വാട്ട്സ്ആപ്പ് നമ്പർ വഴി 10 റഫറൽ കോഡുകൾ ലഭിക്കും. ഓരോ വിജയകരമായ റഫറൻസിനും റഫർ ചെയ്യുന്നയാൾക്ക് 4,000 രൂപ ക്യാഷ്ബാക്ക് വൗച്ചറുകൾ ലഭിക്കും, പരമാവധി പത്ത് പുതിയ ഉപഭോക്താക്കൾ വരെ.സർവീസ്, സ്പെയർ പാർട്സ്, അപ്ഗ്രേഡുകൾ, വാഹന എക്സ്ചേഞ്ച്, ബാറ്ററി എക്സ്ചേഞ്ച് ഓഫറുകൾ എന്നിവയ്ക്കായി ഉപയോഗിക്കാം

# മാർച്ച് 26 നകം കെവൈസി അപ്ഡേറ്റ് ചെയ്യാൻ ഉപഭോക്താക്കളോട് പഞ്ചാബ് നാഷണൽ ബാങ്ക്

**ന്യൂഡൽഹി:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, കെവൈസി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്ന് പഞ്ചാബ് നാഷണൽ ബാങ്ക്. ഡിസംബർ 31 2024 വരെ കെവൈസി അപ്ഡേറ്റ് ചെയ്യേണ്ട അക്കൗണ്ടുകളുള്ള ഉപഭോക്താക്കൾക്ക് മാത്രമേ ഇത് ബാധകമാകൂ.

കെവൈസി പാലിക്കൽ പ്രക്രിയയുടെ പൂർത്തിയാക്കാൻ ഭാഗമായി, ഐഡന്റിറ്റി പ്രൂഫ്, മേൽവിലാസ തെളിവ്, സമീപകാല ഫോട്ടോ, പാൻ/ഫോം 60, വരുമാന തെളിവ്, മൊബൈൽ നമ്പർ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ഏതെങ്കിലും ബ്രാഞ്ചിൽ നൽകിയാൽ മതി പിഎൻബി വൺ/ഇന്റർനെറ്റ് ബാങ്കിംഗ് സർവീസസ് (ഐബിഎസ്) വഴിയോ അല്ലെങ്കിൽ മാർച്ച് 26നകം ബ്രാഞ്ചിലേക്ക് രജിസ്റ്റർ ചെയ്ത ഇമെയിൽ/പോസ്റ്റ് വഴിയോ ഇത് ചെയ്യാം. നിശ്ചിത സമയത്തിനുള്ളിൽ കെവൈസി വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിൽ പരാജയപ്പെടുന്നത് അക്കൗണ്ട് പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾക്ക് കാരണമായേക്കാം.




# ഹോണ്ട എലിവേറ്റിന്റെ വിൽപ്പന ഒരു ലക്ഷം പിന്നിട്ടു

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രമുഖ പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡിന്റെ (എച്ച്സിഐഎൽ) ആഗോള എസ്യുവി മോഡലായ ഹോണ്ട എലിവേറ്റിന്റെ മൊത്തം വിൽപ്പന ഒരു ലക്ഷം നാഴികക്കല്ല് പിന്നിട്ടു. കമ്പനിയുടെ ആഭ്യന്തര, അന്തർദേശീയ വിപണികളിലെ വിജയത്തിന്റെ ഫലമാണ് ഇത്. നിലവിൽ രാജസ്ഥാനിലെ തപുകരയിലുള്ള എച്ച്സിഐഎല്ലിന്റെ നിർമ്മാണ പ്ലാന്റിൽ ഇന്ത്യയിൽ മാത്രമായി നിർമ്മിക്കപ്പെടുന്ന ഒന്നാണ് എലിവേറ്റ്. ജനുവരി 2025 വരെ കമ്പനി എലിവേറ്റിന്റെ 53,326 യൂണിറ്റുകൾ ഇന്ത്യയിൽ വിറ്റഴിക്കുകയും ജപ്പാൻ, ദക്ഷിണാഫ്രിക്ക, നേപ്പാൾ, ഭൂട്ടാൻ എന്നിവയുൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് 47,653 യൂണിറ്റുകൾ കയറ്റുമതി ചെയ്യുകയും ചെയ്തു.

2023 സെപ്റ്റംബറിൽ ഇന്ത്യയിൽ ആദ്യമായി പുറത്തിറങ്ങിയ എലിവേറ്റ്, വളരെ പെട്ടെന്ന് തന്നെ എച്ച്സിഐഎല്ലിന്റെ ശക്തമായ ബിസിനസ് സ്തംഭമായി മാറി. മുൻനിര മാധ്യമ സ്ഥാപനങ്ങളിൽ നിന്നുള്ള കാർ ഓഫ് ദി ഇയർ, വ്യൂവേഴ്സ് ചോയ്സ് കാർ, എസ്യുവി ഓഫ് ദി ഇയർ തുടങ്ങിയ പുരസ്കാരങ്ങൾ ഉൾപ്പെടെ 20ലധികം അഭിമാനകരമായ ഓട്ടോമൊബൈൽ വ്യവസായ അവാർഡുകൾ തൂത്തുവാരി ഈ പുതിയ വാഗ്ദാനം കടുത്ത മത്സരമുള്ള ആഭ്യന്തര എസ്യുവി വിപണിയിൽ വിജയകരമായി സ്ഥാനം പിടിച്ചു പറ്റി. ശക്തമായ ഉപഭോക്തൃ അടിത്തറ നേടിയെടുത്ത ഈ കാറിനെ നിലവിലുള്ള ഉപഭോക്താക്കൾ ഉയർന്ന തോതിൽ ശുപാർശയും ചെയ്യുന്നു.

ഇന്ത്യയിൽ നിന്ന് ആദ്യമായി ജപ്പാനിലേക്ക് കയറ്റുമതി ചെയ്യുന്ന കമ്പനിയുടെ ആദ്യത്തെ മെയ്ഡ് ഇൻ ഇന്ത്യ മോഡലാണ് എലിവേറ്റ്. ഇത് ആഗോളതലത്തിൽ ആധിപത്യം വർദ്ധിപ്പിക്കുകയും ഇന്ത്യയിലെ നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് ആഗോള നിലവാരമുള്ള കാറുകൾ നിർമ്മിക്കാനുള്ള എച്ച്സിഐഎല്ലിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്തുകയും ചെയ്തു. എച്ച്സിഐഎല്ലിന്റെ ഏറ്റവും വലിയ കയറ്റുമതി സംഭാവന മോഡലാണ് എലിവേറ്റ്. 2023-24 സാമ്പത്തിക വർഷത്തിൽ ഹോണ്ട എലിവേറ്റിന്റെ കയറ്റുമതി ആരംഭിച്ചതിനുശേഷം, 202324 സാമ്പത്തിക വർഷത്തിൽ കയറ്റുമതി ബിസിനസ്സ് 65%വും ഈ സാമ്പത്തിക വർഷത്തിൽ 92%ത്തിലധികവും വളർത്താൻ ഇത് കമ്പനിയെ സഹായിച്ചു.

# ഐഎസ്എൽ കൊച്ചി മെട്രോ സർവീസ് ഇന്ന് രാത്രി 11 മണി വരെ

**കൊച്ചി:** ഇന്ന് ജവഹർലാൽ നെഹ്റു ഇൻർനാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്ന ഐഎസ്എൽ മൽസരത്തിന്റെ ഭാഗമായി ഫുട്ബോൾ പ്രേമികളുടെ യാത്ര സുഗമമാക്കാൻ കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. രാത്രി 11 മണിവരെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും സർവ്വീസ് ഉണ്ടാകും.

രാത്രി 9.39, 9.47, 9.56, 10.04, 10.13, 10.21, 10.30, 10.39, 10.48, 11 എന്നീ സമയങ്ങളിലായി 10 സർവീസുകൾ ജെ.എൽ.എൻ സ്റ്റേഡിയത്തിൽ നിന്ന് തൃപ്പൂണിത്തുറയിലേക്ക് ഉണ്ടാകും. അതുപോലെ 9.38, 9.47, 9.55, 10.04, 10.12, 10.21, 10.29, 10.38, 10.46 , 10.55, 11 എന്നീ സമയങ്ങളിൽ ആലുവയിലേക്കും സർവ്വീസ് ഉണ്ടാകും

# മഞ്ച് ചോക്കോ ഫിൽസുമായി നെസ്‌ലെ ഇന്ത്യ

**കൊച്ചി:** ബ്രേക്ക്ഫാസ്റ്റ് സിറിയൽ വിഭാഗത്തിൽ മഞ്ച് ചോക്കോ ഫിൽസ് അവതരിപ്പിച്ച് നെസ്‌ലെ ഇന്ത്യ. ഫീൽ ഗുഡ് ബ്രേക്ക്ഫാസ്റ്റ് ആഗ്രഹിക്കുന്ന ഉപഭോഗ്താക്കൾക്ക് ഉള്ളിൽ ചോക്ലേറ്റ് ഫില്ലിംഗോടെയും പുറമെ ക്രഞ്ചിയുമായ മഞ്ച് ചോക്കോ ഫിൽസ് ബ്രേക്ക്ഫാസ്റ്റ് കൂടുതൽ ആസ്വാദ്യകരവും രസകരവുമാക്കുന്നുവെന്ന് നെസ്‌ലെ ഇന്ത്യയുടെ ബ്രേക്ക്ഫാസ്റ്റ് സിറിയൽസ് ഡയറക്ടർ വരുൺ സേതുരാമൻ പറഞ്ഞു.നിറയെ മിൽക്ക് ചോക്ലേറ്റ് ഫില്ലിംഗോടുകൂടിയ നെസ്‌ലെ മഞ്ച് ചോക്കോ ഫിൽസ് ഉള്ളിൽ ക്രഞ്ചിയും പുറത്ത് മെൽറ്റിയുമാണ് എത്തുന്നത്.സന്തോഷപൂർവം ദിവസം ആരംഭിക്കുന്നതിനായി രസകരവും രുചികരവുമായ ബ്രേക്ക്ഫാസ്റ്റ് ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് വേണ്ടിയാണ് മഞ്ച് ചോക്കോ ഫിൽസ് അവതരിപ്പിച്ചിരിക്കുന്നതെന്നും നിലവിലുള്ള മഞ്ച് സിറിയൽ വിഭാഗത്തിലേക്ക് മഞ്ച് ചോക്കോ ഫിൽസ് ചേർക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്നും വരുൺ സേതുരാമൻ പറഞ്ഞു.

# എച്ച്ഡിഎഫ്സി ലൈഫ് ക്ലിക്ക് 2 അച്ചീവ് പാർ അഡ്വാന്റേജ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ എച്ച്ഡിഎഫ്സി ലൈഫിന്റെ ഏറ്റവും പുതിയ ഉൽപ്പന്നമായ എച്ച്ഡിഎഫ്സി ലൈഫ് ക്ലിക്ക് 2 അച്ചീവ് പാർ അഡ്വാന്റേജ് പുറത്തിറക്കി. ഒരു വ്യക്തിയുടെ ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായിക്കാൻ ലക്ഷ്യമിട്ടാണ് ഉൽപ്പന്നം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അറിയിച്ചു. ഇൻഷുറൻസ് എടുത്തയാൾക്ക് മരണം സംഭവിച്ചാൽ ഭാവിയിലെ പ്രീമിയങ്ങൾ ഒഴിവാക്കപ്പെടുകയും ഡെത്ത് ബെനിഫിറ്റ് ഉടനടി ഒരു ഒറ്റത്തവണ തുകയായി നൽകുകയും ചെയ്യുന്ന പോളിസി കണ്ടിന്യൂയൻസ് ബെനിഫിറ്റ് (പിസിബി), ഒരാളെ തന്റെ ആവശ്യാനുസരണം ഇഷ്ടാനുസൃതമാക്കിയ 5 എക്സ്, 7 എക്സ് അല്ലെങ്കിൽ 11 എക്സ് തിരഞ്ഞെടുക്കാൻ പ്രാപ്തമാക്കുന്ന ഡെത്ത് ബെനിഫിറ്റ് മൾട്ടിപ്പിൾ, പെയ്ഡ് അപ്പ് കൂട്ടിച്ചേർക്കൽ തുടങ്ങിയവയാണ് എച്ച്ഡിഎഫ്സി ലൈഫ് ക്ലിക്ക് 2 അച്ചീവ് പാർ അഡ്വാന്റേജിന്റെ പ്രധാന സവിശേഷതകൾ. അധിക ലൈഫ് കവറേജ്, നികുതി ആനുകൂല്യങ്ങൾ എന്നിവയും പ്ലാനിനൊപ്പം ലഭിക്കും.

ഏതൊരാൾക്കും മികച്ച ഭാവി സൃഷ്ടിക്കാനും അനിശ്ചിതത്വങ്ങളില്ലാതെ തങ്ങളുടെ സ്വപ്നങ്ങൾ നേടാനും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കി മികച്ച ഒരു പരിഹാരം വാഗ്ദാനം ചെയ്യുന്നതിനാണ് എച്ച്ഡിഎഫ്സി ലൈഫ് ക്ലിക്ക് 2 അച്ചീവ് പാർ അഡ്വാന്റേജ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് എച്ച്ഡിഎഫ്സി ലൈഫ് പ്രൊഡക്ട്സ് ആൻഡ് സെഗ്മെന്റ്സ് മേധാവി അനീഷ് ഖന്ന പറഞ്ഞു.



# ടിഞ്ചു പത്മനാഭന് അവാർഡ് സമ്മാനിച്ചു

**കൊച്ചി:** വിബിഎ എക്സലൻസ് അവാർഡ് ചിറ്റിലപ്പിള്ളി സ്‌ക്വയറിൽ നടന്ന ചടങ്ങിൽ ഒ യെസ് ഹോം സൊല്യൂഷൻസ് സി ഇ ഒ ടിഞ്ചു പത്മനാഭന് കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി സമ്മാനിച്ചു. ബിസിനസ്, സേവന മേഖലകളിൽ അദ്ദേഹം നൽകിയ മികച്ച സംഭാവനകളെ മുൻനിർത്തിയാണ് പുരസ്ക്കാരം സമ്മാനിച്ചത്.സി ബാലഗോപാൽ ഐഎഎസ്, വിബിഎ സെക്രട്ടറി സുധീഷ് ഭാസ്കരൻ, വിബിഎ പ്രസിഡന്റ് രാജീവ് എ ടി, മുതിർന്ന പത്രപ്രവർത്തകൻ ആർ ശ്രീകണ്ഠൻ നായർ, വി സത്യനാരായണൻ എന്നിവർ പ്രസംഗിച്ചു.

# ബിപിഎൽ വിഭാഗത്തിന് സൗജന്യ കെഫോൺ കണക്ഷൻ: ഓൺലൈനായി അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ അതിവേഗ ഇന്റർനെറ്റ് സേവനം നൽകുന്ന കെഫോൺ പദ്ധതിക്കായി ഓൺലൈൻ അപേക്ഷയ്ക്ക് തുടക്കം. പദ്ധതിയുടെ ഭാഗമായി ബിപിഎൽ വിഭാഗത്തിലുള്ള കുടുംബങ്ങളിലേക്ക് കെഫോൺ കണക്ഷനുകൾ ലഭ്യമാകുന്നതിനായി ഇപ്പോൾ ഓൺലൈനായി അപേക്ഷിക്കാം.

ഇതിനായി https://selfcare.kfon.co.in/ewsenq.php എന്ന ലിങ്കിലൂടെ അപേക്ഷകന്റെ വിവരങ്ങളും ആവശ്യമായ രേഖകളും സമർപ്പിച്ചുകൊണ്ട് സൗജന്യ ബിപിഎൽ കണക്ഷനായി അപേക്ഷിക്കാവുന്നതാണ്. റേഷൻ കാർഡ് ഉടമയുടെ പേരിലാണ് അപേക്ഷ നൽകുവാൻ സാധിക്കുക. കണക്ഷൻ ആവശ്യമുള്ള സ്ഥലം കൃത്യമായി മാപ്പിൽ മാർക്ക് ചെയ്യുവാനുള്ള സൗകര്യവും നൽകിയിട്ടുണ്ട്. കൂടാതെ 9061604466 എന്ന വാട്സാപ്പ് നമ്പറിലേക്ക് 'KFON BPL' എന്ന് ടൈപ്പ് ചെയ്ത് അയച്ചാൽ തുടർ നടപടികൾ വാട്സാപ്പിലൂടെയും ലഭ്യമാകും. അപേക്ഷകൾ ഓൺലൈനിൽ കൂടി മാത്രമേ സ്വീകരിക്കുകയുള്ളൂ.

മഞ്ഞ കാർഡ് ഉടമകൾക്കാണ് സൗജന്യ കണക്ഷനുവേണ്ടി അപേക്ഷിക്കാൻ സാധിക്കുക. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിലായിരിക്കും സേവനങ്ങൾ നൽകുക. നിലവിൽ കെഫോൺ സേവനങ്ങൾ ലഭ്യമായിട്ടുള്ള പ്രദേശങ്ങൾക്ക് മുൻഗണനയുണ്ടാകും.



# കേരളത്തിലെ 200 ആരോഗ്യ പ്രവർത്തകർക്ക് വെയിൽസിലെ ദേശീയ ആരോഗ്യ സർവീസിൽ നിയമനം ലഭിക്കും

**തിരുവനന്തപുരം:** വെയിൽസിലെ ദേശീയ ആരോഗ്യ സർവീസിൽ ചേരാൻ കേരളത്തിൽ നിന്ന് 200 നഴ്സുമാരെയും ഡോക്ടർമാരെയും കൂടി റിക്രൂട്ട് ചെയ്യും. ഇതിന്റെ ഭാഗമായി വെൽഷ് ആരോഗ്യ സാമൂഹ്യ പരിരക്ഷ കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് ആരോഗ്യ മന്ത്രി വീണാ ജോർജുമായി കൂടിക്കാഴ്ച്ച നടത്തി. കഴിഞ്ഞവർഷം വെൽഷ് സർക്കാരും കേരള സർക്കാരും തമ്മിൽ ഉണ്ടാക്കിയ കരാറിന്റെ പശ്ചാത്തലത്തിലാണ് ഈ പ്രഖ്യാപനം. വെയിൽസും കേരളവും തമ്മിലുള്ള പ്രവർത്തന ബന്ധം കൂടുതൽ വിപുലമാക്കുമെന്നും ശക്തിപ്പെടുത്തുമെന്നും ആരോഗ്യ സെക്രട്ടറി ജെറമി മൈൽസ് അറിയിച്ചു.വെയിൽസിലെ നാഷണൽ ഹെൽത്ത് സർവ്വീസിൽ നിലവിൽ 97,000 മുഴുവൻ സമയ ജീവനക്കാരാണുള്ളത്. വെൽഷ് ഗവൺമെന്റ് നിലവിലെ തൊഴിൽ ശക്തിയിൽ നിക്ഷേപിക്കുന്നത് തുടരാനും ഭാവിയിലെ എൻഎച്ച്എസ് തൊഴിലാളികളെ പരിശീലിപ്പിക്കാനും പ്രതിജ്ഞാബദ്ധരാണ്.കേരളത്തിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിലൂടെ ആരോഗ്യസംരക്ഷണ സംവിധാനത്തെ സമ്പന്നമാക്കുന്ന വൈദഗ്ധ്യവും അനുഭവവുമുള്ളവരുടെ അനുഭവസമ്പത്ത് വെയിൽ എൻ എച്ച് എസിന് ലഭ്യമാകും.2024 മാർച്ചിൽ കരാർ ഒപ്പിട്ടതിനുശേഷം കേരളത്തിൽ നിന്ന് 300ലധികം ആരോഗ്യ സംരക്ഷണ പ്രൊഫഷണലുകൾക്ക് എൻഎച്ച്എസ് വെയിൽസിൽ നിയമനം ലഭിച്ചിട്ടുണ്ട്. വെൽഷ് ആരോഗ്യ സാമൂഹ്യ പരിരക്ഷ ക്യാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് വെയിൽസിലേക്ക് നിയമനം ലഭിച്ച ജീവനക്കാരെ കാണുകയും എൻഎച്ച്എസ് വെയിൽസിന് നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിക്കുകയും ചെയ്തു.



# മത്സ്യമേഖലയിലെ സുസ്ഥിരത: സഹകരണം അനിവാര്യമെന്ന് ശിൽപശാല

**കൊച്ചി:** സമുദ്രമൽസ്യ മേഖലയിൽ സുസ്ഥിര രീതികൾ നടപ്പാക്കാൻ ശാസ്ത്രജ്ഞരുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും സഹകരണം അനിവാര്യമാണെന്ന് നിർദേശം. കേരളത്തിലെ സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപശാലയിലാണ് അഭിപ്രായം.

മത്സ്യലഭ്യതയെ കുറിച്ച് സിഎംഎഫ്ആർഐ നടത്തുന്ന ശാസ്ത്രീയ വിവരശേഖരണത്തിനൊപ്പം മത്സ്യത്തൊഴിലാളികൾ മീൻപിടുത്ത വിവരങ്ങൾ കൈമാറുന്നത് ഡേറ്റശേഖരണം കുറ്റമറ്റതാക്കും. കടലുമായും ആവാസവ്യവസ്ഥയുമായും ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ നൽകുന്ന വിവരങ്ങൾ ശാസ്ത്രീയ ഗവേഷണം കൂടുതൽ കാര്യക്ഷമമാക്കും. ചെറുമത്സ്യബന്ധന നിയന്ത്രണം കർഷനമായി നടപ്പാക്കണമെന്നും ശിൽപശാല അഭിപ്രായപ്പെട്ടു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് കടലിൽ മത്സ്യസമ്പത്തിന്റെ വിന്യാസത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അടുത്ത മുപ്പത് വർഷത്തിനകം ഈ മാറ്റം കൂടുതലായി കാണപ്പെടും. പല മീനുകളുടെയും ലഭ്യതയിലും അളവിലും മാറ്റങ്ങളുണ്ടാകും. സമുദ്രമത്സ്യ മേഖലയിലെ പ്രതിസന്ധിക്ക് ശാസ്ത്രീയരീതികളിലൂടെ പരിഹാരം കണ്ടെത്താനാണ് സിഎംഎഫ്ആർഐ ശ്രമിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ, മത്സ്യത്തൊഴിലാളികൾ പങ്കുവെക്കുന്ന വിവരങ്ങളും നിർദേശങ്ങളും പഠനവിധേയമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഡോ ടി എം നജ്മുദ്ധീൻ വിഷയാവതരണം നടത്തി. ചെറുമത്സ്യബന്ധനം തടയുന്നതിന് വലയുടെ കണ്ണിവലിപ്പം കർശനമാക്കണമെന്ന് അദ്ദേഹം പറഞ്ഞു. തീരക്കടലുകളിൽ രാത്രികാലങ്ങളിലെ മീൻപിടുത്തം നിരോധിക്കണമെന്ന് മത്സ്യത്തൊഴിലാളി സംഘടന പ്രതിനിധികൾ പറഞ്ഞു. രാത്രികാലങ്ങളിലാണ് പല അശാസ്ത്രീയ മീൻപിടുത്ത രീതികളും നടക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള യാനങ്ങൾക്ക് നിയന്ത്രണം വേണം. കടൽ മണൽ ഖനനം മത്സ്യമേഖലയെ പ്രതിസന്ധിയിലാക്കും. ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ പഠനവിധേയമാക്കണം. നിയന്ത്രണങ്ങൾക്ക് ദേശീയതലത്തിൽ ഏകോപിത സംവിധാനമുണ്ടാകണമെന്നും അവർ പറഞ്ഞു. ഡോ ശോഭ ജോ കിഴിക്കൂടൻ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഡോ ആശ അഗസ്റ്റിൻ, ഡോ സി രാമചന്ദ്രൻ, ഡോ ലിവി വിൽസൺ, കുമ്പളം രാജപ്പൻ, ടി വി ജയൻ, ആന്റണി കുരിശിങ്കൽ, രാജു ആശ്രയം, സിബി പൊന്നൂസ്, കെ പി സെബാസ്റ്റ്യൻ, എ ഡി ഉണ്ണികൃഷ്ണൻ, ചാൾസ് ജോർജ്, സതീശൻ എൻ എം എന്നിവർ സംസാരിച്ചു.



# യുകെ വിദ്യാഭ്യാസം ഇനി കൊച്ചിയിൽ; ഫിനിക്സ് ഗ്രാജ്വേറ്റ് സ്കൂളിന് തുടക്കം

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ യുകെ അംഗീകൃത ക്യാമ്പസായ ഫിനിക്സ് ഗ്രാജ്വേറ്റ് സ്കൂളിന് കൊച്ചിയിൽ തുടക്കം കുറിച്ചു. വിദേശ സർവകലാശാലകളിലെ വിദ്യാഭ്യാസം കുറഞ്ഞ ചെലവിൽ നാട്ടിൽ തന്നെ നേടാൻ സഹായിക്കുന്ന ഫിനിക്സ് ഗ്രാജ്വേറ്റ് സ്കൂളിന്റെ ബ്രാൻഡ് ലോഞ്ച് കേന്ദ്ര വനിതാ ശിശുക്ഷേമ സഹമന്ത്രി ശ്രീമതി സാവിത്രി താക്കൂർ നിർവഹിച്ചു. ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം രാജ്യത്തെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനുള്ള മാതൃകാപരമായ ചുവടുവയ്പ്പാണ് ഫിനിക്സ് ഗ്രാജ്വേറ്റ് സ്കൂൾ നടത്തുന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

എംജി റോഡിൽ നിർമാണം പൂർത്തിയാകുന്ന ക്യാംപസ് രണ്ടു മാസത്തിനകം പ്രവർത്തന സജ്ജമാകുമെന്ന് പിജിഎസ് ഗ്ലോബൽ ചെയർമാനും എംഡിയുമായ എൻ അറഫാത്ത് അലി അറിയിച്ചു.ഇന്ത്യയിൽ യുകെ അക്കാഡമിക് പ്രോഗ്രാമുകൾ മാത്രം ലഭ്യമാകുന്ന സ്ഥാപനമാണ് പിജിഎസ് ഗ്ലോബൽ. യുകെ ഗവൺമെന്റിന് കീഴിലുള്ള 12 യൂണിവേഴ്സിറ്റികളുടെ അംഗീകാരമുള്ള 40 ഓളം ഫൗണ്ടേഷൻ ഡിപ്ലോമ, ബാച്ചിലേഴ്സ്, മാസ്റ്റേഴ്സ്, സ്കിൽ ഡെവെലപ്മെന്റ്, ഡോക്റ്ററേറ്റ് കോഴ്സുകൾ എന്നിവ ഇവിടെ ലഭ്യമാക്കുന്നുണ്ട്. പിജിഎസ് ഗ്ലോബലിൽ ആദ്യ വർഷങ്ങളിലെ പഠനത്തിന് ശേഷം ഫൈനൽ ഇയർ പഠനം യുകെയിലോ യുകെ അംഗീകാരമുള്ള മറ്റ് രാജ്യങ്ങളിലെ കോളെജുകളിലോ പൂർത്തിയാക്കാനാകും. ഇതുവഴി രണ്ടു വർഷത്തെ പോസ്റ്റ് സ്റ്റഡി വർക്ക് വിസയിൽ അവിടെ ജോലി ചെയ്യാനും സാധിക്കും. ലോക നിലവാരത്തിലുള്ള സൗകര്യങ്ങളും സ്കിൽഡെവലപ്മെന്റ് പ്രോഗ്രാമുകളും ഇൻഡസ്ട്രി വിസിറ്റ് പോലുള്ള പ്രായോഗിക പരിശീലനങ്ങളും സമന്വയിപ്പിച്ച് വിദ്യാർഥികളെ ജോലിക്ക് പ്രപ്തരാക്കുന്നതായിരിക്കും അക്കാദമിക പ്രോഗ്രാമുകൾ. 18 മുതൽ 55 വയസ്സു വരെ പ്രായമുള്ളവർക്ക് യുകെ അംഗീകൃത പ്രോഗ്രാമുകളിൽ അഡ്മിഷൻ നേടാൻ സാധിക്കുമെന്ന് അറഫാത്ത് അലി പറഞ്ഞു. ലുലു ബോൾഗാട്ടി കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ടി.ജെ. വിനോദ് എംഎൽഎ, ഫൗണ്ടർ ഡയറക്ടർ ഡോ. സർജുൻ സലിം, പത്മജ വേണുഗോപാൽ, മനോരഞ്ജന ഗുപ്ത, ജോസ് തെറ്റയിൽ, ടിപിഎം ഇബ്രാഹിംഖാൻ തുടങ്ങിയവരും പങ്കെടുത്തു.

# നെൽകൃഷി ആരംഭിക്കാൻ പവിഴം ഗ്രൂപ്പിന് സിംബാവേ സർക്കാരിന്റെ ക്ഷണം

**കൊച്ചി:** സിംബാവേയിൽ 5000 ൽ പരം ഏക്കർ സ്ഥലത്ത് നെൽകൃഷി ആരംഭിക്കാൻ രാജ്യത്തെ പ്രമുഖ അരി ഉല്പാദകരായ പവിഴം ഗ്രൂപ്പിന് സിംബാവേ സർക്കാരിൽ നിന്നും ക്ഷണം ലഭിച്ചു.

ഇതിന്റെ ഭാഗമായി സിംബാവേ വ്യവസായ മന്ത്രി രാജേഷ് കുമാർ ഇന്ദുകാന്ത് മോഡിയുടെ നേതൃത്വത്തിലുള്ള ഉന്നതതലസംഘം പെരുമ്പാവൂരിലെ പവിഴം അരി ഉൽപ്പാദന ഫാക്ടറി സന്ദർശിക്കുകയും ട്രേഡ് കമ്മീഷണർ ബൈജു മോഹൻ കുമാർ ഇതു സംബന്ധിച്ച ക്ഷണപത്രം പവിഴം ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ എൻ പി ആന്റണിക്ക് കൈമാറുകയും ചെയ്തു. എൽദോസ് കുന്നപ്പള്ളി എംഎൽഎ, കൂവപ്പടി ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മായ ഉണ്ണികൃഷ്ണൻ, മെമ്പർ എം ഒ ജോസ്, പവിഴം ഗ്രൂപ്പ് ചെയർമാൻ എൻ പി ജോർജ്,ഡയറക്ടർമാരായ റോയ് ജോർജ്, ഗോഡ് വിൻ ആൻറണി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ മട്ട അരി ഉൽപ്പാദകരായ പവിഴം കാർഷിക മേഖലയുടെ പുരോഗതിക്കായി നടത്തുന്ന ഇടപെടലുകൾ, സംഭാവനകൾ, ഗവേഷണം എന്നിവ പരിഗണിച്ചാണ് നെൽകൃഷി ആരംഭിക്കാനായി ഗ്രൂപ്പിനെ ഞങ്ങളുടെ രാജ്യത്തേക്ക് ക്ഷണിച്ചതെന്ന് സിംബാവേ വ്യവസായ മന്ത്രി രാജേഷ് കുമാർ മോഡി അറിയിച്ചു.സിംബാവേ സർക്കാരിൻറെ ക്ഷണം സ്വീകരിച്ചതായും തുടർ ചർച്ചകളും സിംബാവേയിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ നെൽവിത്ത്, മണ്ണിന് അനുയോജ്യമായ വളം, യന്ത്രങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പഠനങ്ങളും ഉടനെ ആരംഭിക്കുമെന്നും അടുത്ത ആറുമാസത്തിനുള്ളിൽ നെൽകൃഷി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും ചെയർമാൻ എൻ പി ജോർജ്ജും എംഡി എൻ പി ആന്റണിയും പറഞ്ഞു. രാജ്യത്തു ആദ്യമായാണ് ഒരു അരി ഉല്പാദന സ്ഥാപനത്തിന് വിദേശ രാജ്യത്തു നിന്നും ഇത്തരത്തിലുള്ളൊരു അവസരം ലഭിക്കുന്നത്.

# രക്തത്തിലെ പ്രോട്ടീൻ നിർണ്ണയം: സാങ്കേതികവിദ്യ എം.ബി.എൽ അഗാപ്പെക്ക് കൈമാറും




**കൊച്ചി:** ഇൻവിട്രോ ഡയഗ്നോസ്റ്റിക് (ഐവിഡി) സാങ്കേതികവിദ്യയിൽ സുപ്രധാന ചുവടുവയ്പ്പായി രക്തത്തിലെ പ്രോട്ടീൻ കണക്കാക്കുന്ന ടെസ്റ്റിങ്ങ് കിറ്റ് (ലാറ്റക്സ് റീജന്റ് ) നിർമ്മാണ സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിനുള്ള ലൈസൻസ് കരാറിൽ അഗപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡും ജപ്പാൻ ആസ്ഥാനമായുള്ള മെഡിക്കൽ ആൻഡ് ബയോളജിക്കൽ ലബോറട്ടറീസ് കമ്പനി ലിമിറ്റഡും (എം.ബി.എൽ) ഒപ്പുവെച്ചു. ഇന്നുവരെ പൂർണ്ണമായും ഇറക്കുമതിയെ ആശ്രയിച്ചിരുന്നതിനാൽ ഇന്ത്യയിൽ ഇതിന്റെ ഉൽപാദനം ഒരു സുപ്രധാന നാഴികക്കല്ലാണ്. രാജ്യത്ത് ഉയർന്ന നിലവാരമുള്ള ഡയഗ്നോസ്റ്റിക് റീജന്റുകളുടെ ആഭ്യന്തര ഉത്പാദനം ഇത് സാധ്യമാക്കുമെന്ന് അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ തോമസ് ജോൺ പറഞ്ഞു.റീജന്റ് നിർമ്മാണത്തിൽ ആഗോള നിലവാരം നിലനിർത്തി, തടസ്സമില്ലാത്ത വിതരണ ശൃംഖല ഉറപ്പാക്കുന്നതാണ് ഈ സഹകരണം. രോഗനിർണയ കൃത്യത ഗണ്യമായി വർദ്ധിപ്പിക്കാനും ചെലവ് കുറക്കാനും പുതിയ കരാർ സഹായിക്കും. പ്രത്യേക പ്രോട്ടീൻ പരിശോധനയിലൂടെ വൃക്കരോഗങ്ങൾ, സെപ്സിസ്, വന്ധ്യത, പ്രമേഹം തുടങ്ങിയ മനുഷ്യശരീരത്തിലെ പല രോഗങ്ങളോ വൈകല്യങ്ങളോ നേരത്തേ കണ്ടെത്താൻ കഴിയും.ഡയഗ്നോസ്റ്റിക് റിയാജന്റുകളുടെയും ഉപകരണങ്ങളുടെയും പ്രമുഖ ഇന്ത്യൻ നിർമ്മാതാക്കളായ അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ്, 90 രാജ്യങ്ങളിലായി 70,000ത്തിലധികം ഉപഭോക്താക്കൾക്ക് സേവനം നൽകുന്നുണ്ട്.

എംബിഎല്ലിന്റെ സാങ്കേതിക വൈദഗ്ധ്യവും ഡയഗ്നോസ്റ്റിക്സിലെ നൂതനാശയങ്ങളും പ്രയോജനപ്പെടുത്തി, പ്രോട്ടീൻ ടെസ്റ്റിങ്ങ് മേഖലയിൽ പൊതുവായും, ആഫ്രിക്ക അടക്കം പുതിയ വിപണികളിൽ വലിയ സാന്നിധ്യവുമാവാനുമാണ് അഗാപ്പെ ലക്ഷ്യമിടുന്നത്.ജപ്പാന്റെ ആദ്യത്തെ ആന്റിബോഡി നിർമ്മാണ കമ്പനിയായ മെഡിക്കൽ ആൻഡ് ബയോളജിക്കൽ ലബോറട്ടറീസ് കമ്പനി ലിമിറ്റഡ് 1969ൽ സ്ഥാപിതമായതുമുതൽ ഡയഗ്നോസ്റ്റിക് മേഖലയിൽ അതിപ്രശ്സ്തരാണ്. ഓട്ടോഇമ്മ്യൂൺ രോഗ നിർണ്ണയത്തിനായി കമ്പനി നൂതന പരിഹാരങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ടെക്നിക്കൽ ആർ ആന്റ് ഡി ഡയറക്ടർ ഡോ. ഡി .എം. വാസുദേവൻ; ചീഫ് ടെക്നിക്കൽ ഓഫീസർ ബാസ്ക്കർ മല്ലടി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബിമൽ ബി.കെ; എംബിഎൽ സിഇഒ ഹിരോക്കി ഇറ്റോ; കോർപ്പറേറ്റ് ഓഫീസർ യുത ഇറ്റോ; എംബിഎൽ ജിഎം ഓവർസീസ് സെയിൽസ് കട്സുയുകി തകാസെ; അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ് ഡയറക്ടർ മീന തോമസ്, സിഒഒ പോൾ എബ്രഹാം എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

